(സി) മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റങ്ങൾ പൂർണ്ണമായും പ്രവൃത്തി പഥത്തിലെത്തിക്കാൻ കഴിഞ്ഞുവോ ;

(ഡി) ഇതുമൂലം പദ്ധതി വിഹിതം വിനിയോഗിക്കുവാനും, പ്രസ്തുത വിനിയോഗത്തിലൂടെ ഗുണപരമായ, സ്ഥായിയായ വികസനം താഴെത്തട്ടിൽ നേടിയെടുക്കാനും കഴിഞ്ഞുവോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പദ്ധതി രൂപീകരണ-അംഗീകാര-നിർവ്വഹണ നടപടികൾ പരിഷ്കരിച്ച് പുതുക്കിയ മാർഗ്ഗരേഖ 16-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 362/13/തസ്വഭവ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.lsg.gov.in)

(ബി) പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലും, സമയബന്ധിതമായും, സുതാര്യമായും, കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത മാറ്റം കൊണ്ടുവന്നിട്ടുള്ളത്.

(സി) പൂർണ്ണമായും പ്രവൃത്തി പഥത്തിലെത്തിക്കാൻ സാധിച്ചില്ലെങ്കിലും വളരെയേറെ മാറ്റങ്ങൾ ഇതുമൂലം ഉണ്ടായിട്ടുണ്ട്.

(ഡി) ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 8 വർഷത്തെ പദ്ധതി ചെലവ് പരിശോധിക്കുമ്പോൾ ഏറ്റവുമധികം ചെലവുണ്ടായിരിക്കുന്നത് 2013 -14 ലാണ്.

ത്രിതലപഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ

225 (1647) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ കാര്യക്ഷമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും അനുവദിച്ച ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത ഫണ്ട് ചെലവഴിക്കാത്ത തദ്ദേശസ്ഥാപനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടക്കുന്നുണ്ട്. ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ നിർവ്വഹണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമാലിന്യ പരിപാലനത്തിനും വീടുകളിൽ ഉറവിട മാലിന്യ സംസ്കരണത്തിനും വേണ്ടുന്ന പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും അവയ്ക്ക് സാമ്പത്തിക സഹായവും ശുചിത്വ മിഷൻവഴി നൽകിവരുന്നു. 2012-13 വർഷത്തിൽ 329 ഗ്രാമപഞ്ചായത്തുകൾക്കും 2013-14 വർഷത്തിൽ 333 ഗ്രാമപഞ്ചായത്തുകൾക്കും സാങ്കേതികാനുമതിയും ഭാഗീക സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. കൂടാതെ 2014-15 വർഷത്തിൽ പ്രോജക്ട് സമർപ്പിച്ച 58 ഗ്രാമ പഞ്ചായത്തുകൾക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിനുള്ള സാമ്പത്തിക സഹായവും നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി നൽകാനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല

നഞ്ച കമ്മിറ്റി - അധികാരങ്ങളും ചുമതലകളും

226 (1648) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരേഖകൾ പ്രകാരം കര ഭൂമിയല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പരിശോധനകൾക്കായി ഏർപ്പെടുത്തിയ നഞ്ച കമ്മിറ്റികൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ;

(ബി) ഇത്തരം നഞ്ച കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനരീതിയും അധികാരങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഭവനേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് അഭിപ്രായങ്ങൾ പറയുന്നതിനോ, ശിപാർശ ചെയ്യുന്നതിനോ, അനുമതി നൽകുന്നതിനോ, അനുമതി നിഷേധിക്കുന്നതിനോ ഈ കമ്മിറ്റിക്കുള്ള അധികാരങ്ങളും ചുമതലകളും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പിൻവലിക്കണമെന്നും റവന്യൂ വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കുലറുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ മൂന്ന് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

(സി) ഭവനേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച് മേൽ പ്രതിപാദിച്ച സർക്കുലറുകളിൽ പരാമർശിച്ചിട്ടില്ല

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly